**File No.NREGA/236/2021-B1**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

No. NREGA/236/2022-B1 തിയതി : 13/12/2022

**സർക്കുലർ**

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - ഉന്നതി പദ്ധതി നടത്തിപ്പ് വിജയകരമായി നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.11.2022 ലെ 5210 /Mskills/ 2020/SHO നമ്പർ സർക്കുലർ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് വിദഗ്ധ പരിശീലനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് **ഉന്നതി**. ഉന്നതി പദ്ധതി നടത്തിപ്പ് ഓരോ സംസ്ഥാനങ്ങളും അവിടത്തെ SRLM മുഖേനയാണ് നടപ്പിലാക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ SRLM ആയ കുടുംബശ്രീ മിഷനാണ് പദ്ധതി നടതതിപ്പിൻറെ ചുമതല . എങ്കിലും ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ഉന്നതി പദ്ധതിയുടെ ഭാഗം ആക്കുന്നതിനുള്ള ഉത്തരവാദിത്തം തൊഴിലുറപ്പ് പദ്ധതി മിഷനിൽ നിക്ഷിപ്തമാണ്.

**ഗുണഭോക്താക്കളുടെ വിവരശേഖരണം** : DDUGKY, RSETI, KVK എന്നിവ മുഖേനയാണ് പരിശീലനം ലഭ്യമാക്കുന്നത്. DDUGKY മുഖേന പരിശീലനം ലഭ്യമാക്കുന്ന സാഹചര്യത്തിൽ NRLM മാനദണ്ഡപ്രകാരം SC, ST Minority വിഭാഗങ്ങൾക്ക് സംവരണം നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ 2018-19 വർഷം 100 ദിവസം പൂർത്തീകരിച്ച കുടുംബങ്ങളിലെ 18-35 വയസ്സ് പൂർത്തീകരിച്ചവരെയാണ് DDUGKY-ൽ രജിസ്റ്റർ ചെയ്യാൻ കഴിയുന്നത് (RSETI ,KVK കളിൽ 18-45 വയസ്സ് വരെ). ടി സാഹചര്യത്തിൽ ഓരോ ബ്ലോക്കിലും മേൽ age group- ൽ വരുന്ന 2018-19 വർഷം 100 ദിവസം പൂർത്തീകരിച്ച കുടുംബങ്ങളിലെ കുടുംബാംഗങ്ങളുടെ SC, ST Minority തിരിച്ച് പട്ടിക തയ്യാറാക്കേണ്ടതാണ്.

**ബ്ലോക്കുതല മൊബിലൈസേഷൻ:** ഓരോ ബ്ലോക്കുതലത്തിലും ഉന്നതി ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ബ്ലോക്കുതല മൊബിലൈസേഷൻ

**File No.NREGA/236/2021-B1**

സംഘടിപ്പിക്കുന്നതിന് കുടുംബശ്രീ തീരുമാനിച്ചിട്ടുണ്ട്. ടി മൊബിലൈസേഷൻ പരിപാടിയിൽ എല്ലാ ഗുണഭോക്താക്കളെയും പങ്കെടുപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കായിരിക്കുന്നതാണ്. കുടുംബശ്രീ ബ്ലോക്കുതല റിസോഴ്സ് പേഴ്സൻമാരുമായി ബന്ധപ്പെട്ട ബ്ലോക്കുതല മൊബിലൈസേഷൻ ഫലപ്രദമായി സംഘടിപ്പിക്കുവാൻ ബിപിഒ മാർ ശ്രദ്ധിക്കേണ്ടതാണ്. അർഹതാ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണവും (വിഭാഗം തിരിച്ച്) ക്യാമ്പയനിൽ പങ്കെടുക്കുന്നവരുടെ എണ്ണവും ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ ജോയിൻറ് പ്രോഗ്രാം കേർഡിനേറ്റർമാർക്കു റിപ്പോർട്ട് ചെയ്യേണ്ടതും, ജോയിൻറ് പ്രോഗ്രാം കേർഡിനേറ്റർമാർ ജില്ലാതലത്തിൽ കൺസോളിടേറ്റ് ചെയ്ത് സംസ്ഥാനമിഷന് ലഭ്യമാക്കേണ്ടതുമാണ്.

**ഡോർ ടു ഡോർ മൊബിലൈസേഷൻ :** ബ്ലോക്കുതല ക്യാമ്പയനിൽ പങ്കെടുക്കാൻ കഴിയാത്ത പ്രത്യേകിച്ചും ആദിവാസി മേഖല , തോട്ടം മേഖല, തീരദേശമേഖല മറ്റ് ഉൾപ്രദേശങ്ങൾ എന്നീ പ്രദേശങ്ങളിൽ വീട്ടുതോറും സന്ദർശനം നടത്തി പദ്ധതി വിശദീകരണം നടത്തുന്നതിനുള്ള നടപടികൾ കുടുംബശ്രീ സ്വീകരിച്ചിട്ടുണ്ട്. ഇനിയും ടി നടപടി പൂർത്തിയാകാത്ത സ്ഥലങ്ങളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർക്ക് BPO മാർ ചുമതല നൽകേണ്ടതും ടി പ്രവർത്തനം വിജയകരമായി നടപ്പിലാക്കേണ്ടതും ആണ്.

കുടുംബശ്രീയുടെയും തൊഴിലുറപ്പ് പദ്ധതിയുടെയും ചുമതല വഹിക്കുന്ന ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാരുടെ പങ്കാളിത്തം ഈ പ്രവർത്തനത്തിൽ ഉറപ്പാക്കേണ്ടതാണ്.

**പട്ടിക അന്തിമമാക്കൽ:** ബ്ലോക്കുതല മൊബിലൈസേഷൻ, ഡോർ ടു ഡോർ മൊബിലൈസേഷൻ എന്നിവയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളുടെ പട്ടിക ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ കുടുംബശ്രീയുമായി ചേർന്ന് അന്തിമം ആക്കേണ്ടതാണ്. ഇപ്രകാരം അന്തിമമാക്കിയ പട്ടികയിൽ DDUGKY, RSETI, KVK എന്നിവയിൽ പരിശീലനം നൽകാൻ കഴിയുന്ന ഗുണഭോക്താക്കളുടെ പട്ടിക പ്രത്യേകം തയ്യാറാക്കി ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർമാർക്ക് നൽകേണ്ടതാണ്.

ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർമാർ ടി പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾ, കുടുംബശ്രീ, ജില്ലാമിഷനുമായി ചേർന്ന് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പുരോഗതി വിവരം സംസ്ഥാനമിഷനെ അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

**MISSION DIRECTOR**

പകർപ്പ് :- എല്ലാ ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും

**File No.NREGA/236/2021-B1**

പകർപ്പ് - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയരക്ടർക്ക് അറിവിലേക്കായി